## പതിനാലാം കേരള നിയമസഭ

## 15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1398 — 11.06.2019-ൽ മറുപടിക്ക്

### നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

ചോദ്യം

ശ്രീ.ആർ. രാജേഷ്
,, സി. കെ. ശശീന്ദ്രൻ
,, കെ.വി.വിജയദാസ്
" മുരളി പെരുനെല്ലി

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(എ) നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും, ആയവ അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികളും, വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും, വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ടു കെട്ടുന്ന നടപടിയും, വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചു വരുന്നു. കൂടാതെ തരിശായി കിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷികൾ ചെയ്തു വരുന്ന നെൽ വയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനു പുറമേ നെൽ വയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുന്നത് തടയുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിലേക്കായി താലൂക്ക് തലത്തിൽ ഭൂരേഖാ തഹസിൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

| | |
|---|---|
| (ബി) ഇതു സംബന്ധിച്ച ഡേറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർ ത്തടങ്ങളുടെയും ഡാറ്റാബാങ്കുകൾ തയ്യാറാക്കു ന്നതിനും നടപടികൾ ഊർജ്ജിതമായി നടത്തി വരുന്നു. 1076 കൃഷിഭവൻ പ്രദേശ ങ്ങളിൽ 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിയ്ക്കുന്ന 1047 കൃഷിഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി യിരുന്നു. 198 കൃഷിഭവൻ പ്രദേശങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കി ഉപഗ്രഹചിത്രം മുഖേനയുള്ള പരിശോധനയ്ക്കായി KSREC -യെ ഏൽപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രദേശങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന പ്രക്രിയകൾ നടന്നു വരുന്നു. കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ 2008-ന് മുമ്പ് നിലമായിരുന്നുവെന്ന് തെറ്റായി രേഖ പ്പെടുത്തിയ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തി അപേക്ഷ സമർപ്പിക്കുന്നതിന് 180 ദിവസം അനുവദിക്കുകയും അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുകയുമാണ് ചെയ്തിരുന്നത്. അപ്രകാരം സ്വീകരിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതിയെ തുടർന്ന് കൃഷി വകുപ്പുദ്യോഗസ്ഥരും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തി അപേക്ഷകൾ പരിശോധിച്ച് 2 മാസത്തിനുള്ളിൽ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലകളിലും ഡേറ്റാബാങ്ക് കറക്ഷനു വേണ്ടി ലഭ്യമായ അപേക്ഷകൾ കൃത്യമായി പരിശോധിച്ച് സമയ ബന്ധിതമായി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരി ക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും ആർ.ഡി.ഒ മാർക്കും ലാന്റ് റവന്യൂ കമ്മിഷണറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിയമാനുസൃതമല്ലാത്ത നിലം നികത്തലിനെതിരെ പൊതുജനങ്ങൾക്ക് പരാതി നൽകാൻ എന്തെല്ലാം | (സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നത് |

സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്;

സംബന്ധിച്ച് തണ്ണീർത്തട നിയമത്തിലെ വകുപ്പ് 5 ഉപവകുപ്പ് 3(iii) പ്രകാരം പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. കൂടാതെ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, ആർ.ഡി.ഒ ഓഫീസ്, മേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ ഓഫീസ്, കളക്ടറേറ്റുകൾ എന്നിവടങ്ങളിലും പരാതി സമർപ്പിക്കാവുന്നതാണ്.

(ഡി) ഒരു ദശകത്തിലധികം കാലമായി കൃഷിചെയ്യാത്ത ഭൂമിയുടെ തരംമാറ്റം ഫീസ് ഈടാക്കി ക്രമവത്ക്കരിക്കുന്ന കേസുകളിൽ ഇപ്രകാരം ക്രമവത്ക്കരിക്കപ്പെടുന്ന ഭൂമി 50 സെന്റിൽ കൂടുതലെങ്കിൽ 10 ശതമാനം ജലസംഭരണത്തിന് മാറ്റി വയ്ക്കണമന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

(ഡി) വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 എ(2) പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉത്തരവാകുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആർ-ൽ അധികരിക്കുന്ന പക്ഷം അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 10 % ജലസംരക്ഷണ നടപടികൾക്കായി മാറ്റി വയ്ക്കാൻ വ്യവസ്ഥ ചെയ്യുന്നു.

ഇപ്രകാരം ജലസംരക്ഷണ നടപടികൾക്കായി നീക്കി വെച്ചിട്ടുള്ള 10 % ഭൂമി "നിലം - ജല സംരക്ഷണ പ്രദേശം" എന്ന് സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ രേഖപ്പെടുത്താനും "നിലം - ജല സംരക്ഷണ പ്രദേശം" ഡേറ്റാബാങ്കിൽ ഉൾപ്പെട്ടതായി കരുതപ്പെടാനും വ്യവസ്ഥ ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**